# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആദ്യഘട്ട വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം; പ്രചാരണം ഉച്ചസ്ഥായിയിൽ; ദേശീയ നേതാക്കൾ രംഗത്ത്.

   **Only days left for the first phase of Lok Sabha elections; The campaign is at its peak; National leaders are present.**

2. കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കാൻ ദേശീയ നേതാക്കളെത്തുന്നു; വരും വാരം പ്രചാരണത്തിന് ചൂടേറും.

   **National leaders arrive to intensify Lok Sabha election campaign in Kerala; The campaign will heat up next week.**

3. കാർഷിക സംസ്കാരത്തിൻറെ ഗതകാല സ്മൃതികളുണർത്തി നാളെ വിഷു; കണി ഒരുക്കാനൊരുങ്ങി മലയാളികൾ; ആശംസകൾ നേർന്ന് രാഷ്ട്രപതി അടക്കമുള്ളവർ.

   **Malayalees Are all set to celerbrate vishu tomorrow; greetings from the President.**

4. ഓസ്ട്രേലിയയിലെ ഷോപ്പിംഗ് മാളിൽ ആക്രമണം; ആറു പേർ മരിച്ചു; നിരവധി പേർക്ക് പരിക്ക്.

   **In Australia, six persons dead while hundreds of people were evacuated after multiple stabbings were reported inside a shopping centre, Sydney**

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്-പഞ്ചാബ് കിങ്സ് പോരാട്ടം; ഐഎസ്എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യൂണൈറ്റഡ് - ഒഡീഷയുമായി ഏറ്റുമുട്ടും.

   **Rajasthan Royals-Punjab Kings match in IPL cricket today; North East United will face Odisha in ISL football.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## ELECTION FIRST PHASE

ലോക്സഭാ തെരെഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പിന് അഞ്ചുദിവസം മാത്രം ശേഷിക്കെ രാജ്യത്ത് പ്രചാരണം ഉച്ചസ്ഥായിയിൽ. തമിഴ്നാട്, പുതുച്ചേരി ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണപ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളാണ് ഈ മാസം 19 ന് ഒന്നാംഘട്ടത്തിൽ പോളിംഗ് ബൂത്തുകളിലേക്ക് എത്തുന്നത്. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ ദേശീയ നേതാക്കൾ ഉൾപ്പെടെയുള്ളവർ പ്രചാരണ രംഗത്ത് സജീവമാണ്. എൻഡിഎ യ്ക്കുവേണ്ടി കേന്ദ്രമന്ത്രിമാരായ അമിത് ഷായും നിർമല സീതാരാമനും ഇന്ന് തമിഴ്നാട്ടിൽ പര്യടനം നടത്തി. കന്യാകുമാരിയിൽ റോഡ് ഷോ നടത്തിയ അമിത് ഷാ, തക്കലയിൽ നടന്ന തിരഞ്ഞെടുപ്പ് യോഗത്തെ അഭിസംബോധന ചെയ്തു. കോൺഗ്രസിനുവേണ്ടി പാർട്ടി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി, ഉത്തരാഖണ്ഡിലെ രാംനഗറിൽ തെരെഞ്ഞെടുപ്പ് റാലിയിൽ പങ്കെടുത്തു. ബിഎസ്പി അധ്യക്ഷ മായാവതി ഇന്ന് ഹരിദ്വാറിൽ പ്രചാരണത്തിനെത്തി. R J D നേതാവ് തേജസ്വി യാദവ് പാർട്ടി പ്രകടന പത്രിക, പട്നയിൽ പുറത്തിറക്കി. അതിനിടെ, വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ മതിയായ സൗകര്യങ്ങൾ ഉറപ്പുവരുത്തണമെന്ന് തെരെഞ്ഞെടുപ്പ് കമ്മീഷൻ അധികൃതർക്ക് നിർദ്ദേശം നൽകി. 350 തെരെഞ്ഞെടുപ്പ് നിരീക്ഷകരെയും കമ്മീഷൻ നിയോഗിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## ELECTION KERALA (INTRO)

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. ദേശീയ നേതാക്കൾ കൂടി സജീവമാകുന്നതോടെ ഈ മാസം 26 ന് വോട്ടെടുപ്പ് നടക്കുന്ന സംസ്ഥാനത്ത് പ്രചാരണം വേനൽചൂടിനെ വെല്ലും.

വിശദാംശങ്ങളിലേക്ക്...... (വോയ്സ്)

**ELECTION KERALA (VOICE)**

എൻഡിഎ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ കേരളത്തിൽ എത്തും. തിരുവനന്തപുരത്ത് കാട്ടാക്കടയിലും തൃശൂരിൽ കുന്നംകുളത്തും നടക്കുന്ന പൊതു സമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുക്കും. എൻഡിഎ പ്രചാരണത്തിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് വ്യാഴാഴ്ച കേരളത്തിലെത്തുന്നുണ്ട്. വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ ഗാന്ധി തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തും. രാഹുൽ ഗാന്ധിയ്ക്കായി കോൺഗ്രസ് പ്രസിഡൻറ് മല്ലിഗാർജ്ജുൻ ഖാർഗെ ഈ മാസം 20 നും ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഈ മാസം 22 നും കേരളത്തിലെത്തും. കർണ്ണാടക ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാർ വ്യാഴാഴ്ചയും എത്തും. എൽഡിഎഫ് സ്ഥാനാർത്ഥികളുടെ പ്രചരണാർത്ഥം പ്രമുഖ നേതാക്കൾ വരും ദിവസങ്ങളിൽ കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയൻ മറ്റു എൽഡിഎഫ് നേതാക്കൾ തുടങ്ങിയവർ എൽഡിഎഫ് പ്രചാരണത്തിൽ സജീവമാണ്.

ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&

**HOME VOTERS – KERALA**

കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ 85 വയസു പിന്നിട്ട മുതിർന്ന വോട്ടർമാർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും വീട്ടിലെത്തി വോട്ടു രേഖപ്പെടുത്തുന്ന നടപടി തിങ്കളാഴ്ച ആരംഭിക്കും. അസന്നിഹിത വോട്ടർ വിഭാഗത്തിൽപ്പെടുത്തിയാണ് ഇവർക്ക് വീട്ടിൽ തന്നെ വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം തെരഞ്ഞെടുപ്പു കമ്മിഷൻ ഒരുക്കിയിരിക്കുന്നത്. ആദ്യഘട്ടം തിങ്കളാഴ്ച തുടങ്ങി ഏപ്രിൽ 19ന് അവസാനിക്കും. അർഹരായ വോട്ടർമാരുടെ വീടുകളിൽ പ്രത്യേക പോളിങ് സംഘങ്ങളെത്തി വോട്ട് രേഖപ്പെടുത്തും. ഒന്നാംഘട്ടത്തിൽ വോട്ട് ചെയ്യാൻ സാധിക്കാത്തവർക്ക് ഏപ്രിൽ 20 മുതൽ ഏപ്രിൽ 24 വരെ രണ്ടാംഘട്ടത്തിൽ അവസരമുണ്ട്. ഈ

രണ്ടുഘട്ടത്തിലും വോട്ടു ചെയ്യാൻ സാധിക്കാത്തവരുടെ വീടുകളിൽ 25- ന് പോളിങ് സംഘം വീണ്ടും സന്ദർശിക്കും.

&&&&&&&&&&&&&&&&&&

**PM-INDIA GAMERS**

പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ ആറ് മുൻനിര ഗെയിമർമാരുമായി ഗെയിമിംഗ് മേഖലയുടെ പുരോഗതിയെ കുറിച്ച് ആശയവിനിമയം നടത്തി. ഗെയിമിംഗ് വ്യവസായത്തിൻറെ ഔപചാരികവൽക്കരണത്തെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി, എല്ലാവർക്കും വളരാനുതകുന്ന സ്വതന്ത്രമായ അന്തരീക്ഷം ലഭ്യമാകണമെന്ന് അഭിപ്രായപ്പെട്ടു. രാജ്യത്തെ ഗെയിമിംഗ്, ഇലക്ട്രോണിക്- സ്പോർട്സ് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനും സഹായിക്കുന്നതിനുമുള്ള വഴികൾ സർക്കാർ പരിശോധിക്കുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. ചുരുങ്ങിയ ചിലവിലുള്ള ഇൻറർനെറ്റ് ലഭ്യതയും മേക്ക് ഇൻ ഇന്ത്യ പോലുള്ള സംരംഭങ്ങളും ഈ മേഖലയിൽ നൂതന ഉള്ളടക്കം സൃഷ്ടിക്കാൻ പ്രാപ്തമാക്കിയതായി ചർച്ചയിൽ പങ്കെടുത്ത ഗെയിമർമാർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**INDIAN NAVY-AWARDS**

ധീരതയ്ക്കും വിശിഷ്ട സേവനത്തിനുമുള്ള നാവിക സേന പുരസ്കാരങ്ങൾ നാളെ സമ്മാനിക്കും. ഗോവയിൽ നടക്കുന്ന ചടങ്ങിൽ നാവികസേനാ മേധാവി അഡ്മിറൽ ആർ. ഹരി കുമാർ പുരസ്കാരങ്ങൾ വിതരണം ചെയ്യും. നാവികസേനയിലെ മുതിർന്ന ഉദ്യോഗസ്ഥർക്കൊപ്പം പുരസ്കാര ജേതാക്കളുടെ കുടുംബാംഗങ്ങളും ചടങ്ങിന് സാക്ഷ്യം വഹിക്കും.

&&&&&&&&&&&&&&&&&&

**SC-KEJRIWAL**

മദ്യനയ കേസിൽ ഈ. ഡി യുടെ അറസ്റ്റിനെ ചോദ്യം ചെയ്തു കൊണ്ട് ഡൽഹി മുഖ്യമന്ത്രിയും, ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്‌രിവാൾ നൽകിയ ഹർജി, സുപ്രീം കോടതി തിങ്കളാഴ്ച പരിഗണിക്കും. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന,

ദിപാങ്കർ ദത്ത എന്നിവരുടെ ബെഞ്ചായിരിക്കും ഹർജി പരിഗണിക്കുക. അറസ്റ്റിനെ ചോദ്യം ചെയ്തുകൊണ്ടുള്ള കെജ്‌രിവാളിന്റെ ഹർജി ഈ മാസം 9-ന് ഡൽഹി ഹൈക്കോടതി തള്ളിയിരുന്നു. ഡൽഹി മദ്യ നയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മാർച്ച് 21 നായിരുന്നു കെജ്‌രിവാളിനെ ഇഡി അറസ്റ്റ് ചെയ്തത്, തുടർന്ന് കേസിന്റെ ഭാഗമായി കോടതി ഈ മാസം 15 വരെ അദ്ദേഹത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിടുകയായിരുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## VISHU

മേടമാസപ്പുലരിയിൽ നാളെ ലോകമെമ്പാടുമുള്ള മലയാളികൾ വിഷു ആഘോഷിക്കും. മലയാളിയുടെ കാർഷിക സംസ്കൃതിയുടെയും പൈതൃകത്തിന്‍്റെയും ഓർമ്മപ്പെടുത്തലും ആഘോഷവുമാണ് വിഷു. ആഘോഷ വേളയിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ , പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ളവർ ആശംസകൾ നേർന്നു. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എന്നിവരും മലയാളികൾക്ക് വിഷു ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## SABARIMALA – VISHU

വിഷുവിനോടനുബന്ധിച്ച് നാളെ കേരളത്തിലെ ക്ഷേത്രങ്ങളിൽ വിഷുക്കണി ദർശനം ഒരുക്കും. ഗുരുവായൂരിൽ വിഷുവിനോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ പൂർത്തിയായി. വിഷുക്കണി ദർശനം നാളെ പുലർച്ചെ ആരംഭിക്കും. ശബരിമലയിൽ ഇന്ന് അത്താഴ പൂജയ്ക്ക് ശേഷം ശ്രീകോവിലിൽ ഓട്ടുരുളിയിൽ വിഷുക്കണി ഒരുക്കും. വിഷു ദിനമായ നാളെ പുലർച്ചെ 4 മണി മുതൽ 7 മണിവരെയാണ് വിഷുക്കണി ദർശനം. ഭക്തർക്ക് കൈനീട്ടം നൽകും. മേട-വിഷു പൂജകൾ പൂർത്തിയാക്കി ഈ മാസം 18 ന് രാത്രി 10 ന് നടയടയ്ക്കും.

&&&&&&&&&&&&&&&&&&

## THRISSUR POORAM

തൃശൂർ പൂരത്തിന് കൊടിയേറി. തിരുവമ്പാടി, പാറമേക്കാവ് ക്ഷേത്രങ്ങളിലും മറ്റ് എട്ടു ഘടക ക്ഷേത്രങ്ങളിലും കൊടിയേറ്റം നടന്നു. ബുധനാഴ്ച വൈകിട്ടാണ് സാമ്പിൾ വെടിക്കെട്ട്. ഈ മാസം 19-നാണ് വിശ്വ പ്രസിദ്ധമായ തൃശൂർ പൂരം. അതിനിടെ, തൃശ്ശൂർ പൂരത്തിനെത്തുന്ന ആനകളുടെ 50 മീറ്റർ അകലത്തിൽ ആളുകൾ നിൽക്കണമെന്ന് വനം വകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചതോടെ പ്രതിഷേധവുമായി ആന ഉടമകൾ രംഗത്തെത്തി.

&&&&&&&&&&&&&&&&&&

## AFFIDAVIT CONCERNING ELEPHANT

ഉത്സവങ്ങളിൽ ആനകളെ എഴുന്നുള്ളിക്കുന്നതിൽ പ്രായോഗികമായ നടപടികളടങ്ങിയ സത്യവാങ്മൂലം സുപ്രീം കോടതിയിൽ തിങ്കളാഴ്ച സമർപ്പിക്കുമെന്ന് വനം മന്ത്രി എ.കെ ശശീന്ദ്രൻ. ഉത്സവപരിപാടികൾ ആചാരപരമായി നടത്തുകയും ആനകളുടെ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യും. മലയോരമേഖലയിൽ ഒന്നര വർഷമായി വന്യമൃഗങ്ങൾ നാട്ടിൽ ഇറങ്ങുന്നുണ്ട്. ജനങ്ങൾക്ക് ഒപ്പമാണ് സർക്കാറെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## FESTIVALS-COUNTRY

കാർഷിക സംസ്കൃതിയുടെ പൈതൃകം വിളിച്ചോതി, വിളവെടുപ്പ് ആഘോഷങ്ങളിൽ രാജ്യം. വിവിധ സംസ്ഥാനങ്ങളിലായി വൈവിധ്യപൂർണ്ണമായ വിളവെടുപ്പ് ആഘോഷങ്ങളാണ് ഇന്നും നാളെയുമായി നടക്കുന്നത്. ബൈശാഖി, വിഷു, ബിഷുബ്, ബഹാഗ് ബിഹു, പൊഹേലാ ബോയ്ശാഖ്, പുത്താണ്ട് എന്നിങ്ങനെ വിവിധ പേരുകളിലാണ് രാജ്യമെമ്പാടും വിളവെടുപ്പ് ആഘോഷങ്ങൾ കൊണ്ടാടുന്നത്. പഞ്ചാബിലെ സിക്കുകാരുടെ ഉത്സവമാണ് ബൈശാഖി. അസമിൽ ബഹാഗ് ബിഹു ആഘോഷിക്കുമ്പോൾ ബംഗാളികൾക്ക് അത് പൊഹേലാ ബോയ്ശാഖ് ആണ്. തമിഴ്നാട്ടിലെ പുത്താണ്ട് ആഘോഷങ്ങൾ പുതുവർഷത്തെ

വരവേൽക്കൽ കൂടിയാണ്. കേരളീയർ വിഷുവും കൊണ്ടാടുന്നു. ആഘോഷ വേളയിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ , പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

### SYDNEY-STABBING

ഓസ്ട്രേലിയയിൽ, ഷോപ്പിംഗ് മാളിൽ ഉണ്ടായ അക്രമത്തിൽ ആറ് പേർ മരിച്ചു. ആക്രമണം നടത്തിയ ആളെ പോലീസ് വധിച്ചു. സിഡ്നിയിലെ വിശാലമായ വെസ്റ്റ്ഫീൽഡ് ബോണ്ടി ജംഗ്ഷൻ മാൾ സമുച്ചയത്തിലായിരുന്നു സംഭവം. മാളിൽ സാധനങ്ങൾ വാങ്ങാനെത്തിയവരാണ് ആക്രമണത്തിനിരയായത്. ആക്രമണോദ്ദേശ്യം വ്യക്തമല്ലെന്ന് പോലീസ് അറിയിച്ചു. സംഭവ സ്ഥലത്തുനിന്നും ആളുകളെ പോലീസ് സുരക്ഷിതസ്ഥാനത്തേക്ക് മാറ്റി.

&&&&&&&&&&&&&&&&&&

### IRAN ISRAEL ESCALATIONS

ഇറാൻ - ഇസ്രയേൽ സംഘർഷം രൂക്ഷമാകുന്നു. കഴിഞ്ഞയാഴ്ച ഡമാസ്കസിൽ ഇറാൻ എംബസിയിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥനെ കൊലപ്പെടുത്തിയതിനെ തുടർന്ന് ഇറാന്റെ ഭാഗത്ത് നിന്ന് പ്രതികാര നടപടിയുണ്ടാകുമെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ ഇസ്രയേൽ കനത്ത ജാഗ്രതയിലാണ്. ഇന്ത്യ, ഫ്രാൻസ്, പോളണ്ട്, റഷ്യ എന്നിവയുൾപ്പെടെയുള്ള രാജ്യങ്ങൾ തങ്ങളുടെ പൗരന്മാർ ഈ മേഖലയിലേക്ക് യാത്ര ചെയ്യുന്നതിനെതിരെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

### IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്- പഞ്ചാബ് കിങ്സ് പോരാട്ടം. ടോസ് നേടിയ രാജസ്ഥാൻ പഞ്ചാബിനെ ബാറ്റിംഗിനയച്ചു. അഞ്ച് മത്സരങ്ങളിൽ നിന്നായി

8 പോയിന്റുകളോടെ രാജസ്ഥാൻ റോയൽസ് പോയിന്റ് പട്ടികയിൽ ഒന്നാമതാണ്.

&&&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്നത്തെ മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ഒഡീഷയെ നേരിടുന്നു. ഈ മാസം 19 മുതൽ പ്ലേ ഓഫ് എലിമിനേറ്റർ പോരാട്ടം തുടങ്ങും.

&&&&&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിൽ താപനില ഉയർന്നു തന്നെ. ഇന്ന് മുതൽ ഈ മാസം 17 വരെ 11 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39°C വരെയും തൃശ്ശൂർ ജില്ലയിൽ 38°C വരെയും ഉയർന്നേക്കും. കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37°C വരെയും താപനില വർദ്ധിക്കാനിടയുണ്ട്.

&&&&&&&&&&&&&&&&&&

## KARNATAKA-RAMESHWARAM CAFE BLAST

കഴിഞ്ഞ ദിവസം പശ്ചിമ ബംഗാളിൽ അറസ്റ്റിലായ ബംഗളൂരു രാമേശ്വരം കഫേ സ്ഫോടനത്തിലെ പ്രധാന പ്രതികളെന്ന് സംശയിക്കുന്നവരെ ഇന്ന് കോടതിയിൽ ഹാജരാക്കി. മാർച്ച് ഒന്നിന് ബംഗളുരുവിലെ കഫേയിൽ സ്ഫോടനം നടത്തിയെന്ന് സംശയിക്കുന്ന മുസ്സാവിർ ഹുസൈൻ ഷാസിബ്, അബ്ദുൾ മത്തീൻ താഹ എന്നിവരെ കോടതി 10 ദിവസത്തെ എൻഐഎ കസ്റ്റഡിയിൽ വിട്ടു. സ്ഫോടനത്തിൽ 20 ഓളം പേർക്ക് പരിക്കേറ്റിരുന്നു. കൊൽക്കത്തയിലെ ഒരു ഹോട്ടലിൽ നിന്നാണ് ഇരുവരും ഇന്നലെ പിടിയിലായത്.

&&&&&&&&&&&&&&&&&&

## GOVT-SUMMER ELECTRICITY

രാജ്യത്തെ വാതക അധിഷ്ഠിത ഊർജ്ജ പ്ലാൻ്റുകൾ പ്രവർത്തനക്ഷമമാക്കാൻ കേന്ദ്ര സർക്കാർ

തീരുമാനിച്ചു. വേനൽക്കാലത്തെ, ഉയർന്ന വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനാണ് തീരുമാനം. പരമാവധി വൈദ്യുതി ഉൽപ്പാദനം ഉറപ്പാക്കാൻ, എല്ലാ ഗ്യാസ് അധിഷ്ഠിത ഉൽപാദന കേന്ദ്രങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്യാസ് അധിഷ്ഠിത ഉൽപാദന സ്റ്റേഷനുകളുടെ ഒരു പ്രധാന ഭാഗം നിലവിൽ ഉപയോഗശൂന്യമാണെന്ന് വൈദ്യുതി മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞിരുന്നു. അടുത്ത മാസം ഒന്ന് മുതൽ ജൂൺ 30 വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഈ ഉത്തരവിന് സാധുത ഉണ്ട്.

&&&&&&&&&&&&&&&&&&

**SOUTH CHINA SEA-PHILIPPINES**

ഫിലിപ്പീൻസ്, അമേരിക്ക, ജപ്പാൻ എന്നീ രാജ്യങ്ങൾ തമ്മിലുള്ള സഹകരണ കരാർ ദക്ഷിണ ചൈനാ കടലിനെയും ആ മേഖലയെയെയും മാറ്റിമറിക്കുമെന്ന് ഫിലിപ്പീൻസ് പ്രസിഡൻ്റ് ഫെർഡിനാൻഡ് മാർക്കോസ് ജൂനിയർ. പ്രഥമ ഫിലിപ്പീൻസ്, യു എസ്, ജപ്പാൻ ത്രിരാഷ്ട്ര ഉച്ചകോടിയുടെ ഭാഗമായി യു എസ് പ്രസിഡൻ്റ് ജോ ബൈഡൻ, ജപ്പാൻ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദ എന്നിവരുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം വാഷിംഗ്ടണിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂന്ന് രാജ്യങ്ങൾക്കുമിടയിലുള്ള സാമ്പത്തിക- സുരക്ഷാ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക എന്നതായിരുന്നു ഉച്ചകോടിയുടെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&